# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി16)926/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി16)926/2022. തീയ്യതി: 23/06/2022

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഫെമിന.എ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.പത്മജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രോഹിണി.എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| എൻ.എം.ഷെരീഫ് | സെക്രട്ടറി | 24-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രോഹിണി.എം.എസ് | അസി.സെക്രട്ടറി | 01-04-2019 | 15-07-2019 |
| റെസീന.എ.എ | അസി.സെക്രട്ടറി | 16-07-2019 | 24-07-2019 |
| ജൂജു ജോർജ്ജ്.ഇ | അസി.സെക്രട്ടറി | 25-07-2019 | 29-07-2019 |
| റെസീന.എ.എ | അസി.സെക്രട്ടറി | 30-07-2019 | 02-08-2019 |
| മോളിക്കുട്ടി.വി.ഒ | അസി.സെക്രട്ടറി | 03-08-2019 | 01-01-2020 |
| അനിത.എ.സി | അസി.സെക്രട്ടറി | 02-01-2020 | 21-01-2020 |
| പുഷ്പലത.എ.സി | അസി.സെക്രട്ടറി | 22-01-2020 | 31-03-2020 |
| അജി.കെ.എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അജയകുമാർ.പി.കെ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.സുരേഷ്.എ.വി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.പി.കെ.ഹരീഷ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 12-01-2020 |
| ഡോ.നീതു പ്രേം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 13-01-2020 | 31-03-2020 |
| ഡോ.ഉഷ സലൂജ | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ഗുണാതീത | വെറ്ററിനറി സർജ്ജൻ | 01-04-2019 | 13-01-2020 |
| ഡോ.അബ്ദുൾ ഷക്കൂർ | വെറ്ററിനറി സർജ്ജൻ | 14-01-2020 | 31-03-2020 |
| വൽസല | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| വസുമതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| രഞ്ജിത് റാഫേൽ | വി.ഇ.ഒ, ചെറുതുരുത്തി | 01-04-2019 | 31-03-2020 |
| രഞ്ജിത് റാഫേൽ | വി.ഇ.ഒ, നെടുമ്പുര (ഇൻ- | 01-04-2019 | 11-07-2019 |

| | | | |
|---|---|---|---|
| | ചാർജ്ജ്) | | |
| നിസ മോൾ | വി.ഇ.ഒ, നെട്ടമ്പുര | 12-07-2019 | 20-10-2019 |
| രഞ്ജിത് റാഫേൽ | വി.ഇ.ഒ, നെട്ടമ്പുര (ഇൻ-ചാർജ്ജ്) | 21-10-2019 | 31-03-2020 |
| സുരേഷ് കുമാർ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 15-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 15-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 15-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 21-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-5 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-6 |
| 9 | കാഷ് വെരിഫിക്കേഷൻ<br>Written By: Femina A.A. (Senior Grade Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 15-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9 |
| 12 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-1 |
| 13 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-3 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-4 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-9-5 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | |
| 17 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-6 |
| 18 | തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-7 |
| 19 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-8 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-9 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-10 |
| 22 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.<br>Written By: Jayan VS (Auditor, On 14-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-11 |
| 23 | ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-12 |
| 24 | Capital Work In Progress എന്ന ശീർഷകത്തിൽ തുക കുറവായി രേഖപ്പെടുത്തി<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-13 |
| 25 | മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-14 |
| 26 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-15 |
| 27 | ക്യാഷ് ചെയ്യാത്ത ചെക്ക് വരവായി കണക്കിലെടുക്കേണ്ടതാണ്<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-16 |
| 28 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-17 |
| 29 | അഡ്വാൻസ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-18 |
| 30 | സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-9-19 |
| 31 | ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-10 |

| | | |
|---|---|---|
| 32 | പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-11 |
| 33 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-12 |
| 34 | അസറ്റ് മാനേജ്മെന്റ് മാനുൽ -- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-13 |
| 35 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-14 |
| 36 | മരാമത്ത് പണികൾ-- മാനുൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-15 |
| 37 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Femina A.A. (Senior Grade Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-16 |
| 38 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Femina A.A. (Senior Grade Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-17 |
| 39 | വാടക - അപാകതകൾ<br>Written By: Femina A.A. (Senior Grade Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-18 |
| 40 | വസ്തു നികുതി നിർണ്ണയം കൃത്യമല്ല<br>Written By: Femina A.A. (Senior Grade Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-19 |
| 41 | ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി<br>Written By: Femina A.A. (Senior Grade Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-20 |
| 42 | ലൈഫ് ഭവന പദ്ധതി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-21 |
| 43 | പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-22 |
| 44 | ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-23 |
| 45 | സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-24 |
| 46 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 17-06-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | |
| 47 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-26 |
| 48 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Jayan VS (Auditor, On 23-06-2022) | 1-27 |
| 49 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-28 |
| 50 | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് ചെറുതുരത്തി നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ട് - രേഖകൾ പരിശോധനക്കായി ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-29 |
| 51 | മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾ - രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-30 |
| 52 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ തൻവർഷം 79% ൽ അധികം പണം ചെലവഴിക്കാനാകാതെ ലാപ്സായി പോയത് - ആവർത്തിക്കാതിരിക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-31 |
| 53 | മരാമത്ത് ഫയലുകൾ - പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-32 |
| 54 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-33 |
| 55 | കാലിബ്രാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കാലിബ്രാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayan VS (Auditor, On 16-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 13-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 22-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.02.19 ലെ തീരുമാനം 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 22.02.19 ലെ ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 26,28,783 രൂപയും, പ്രതീക്ഷിത വരുമാനം 16,52,02,980 രൂപയും ചേർത്ത് ആകെ വരവ് 16,78,31,763 രൂപയും ആകെ ചെലവ് 16,56,99,238 രൂപയും നീക്കിബാക്കി 21,32,525 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 13.03.20 ലെ യോഗത്തിലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 05.03.20 ലെ തീരുമാനം 8 പ്രകാരം അംഗീകരിച്ചു ) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു എന്ന് മാത്രമാണ് മിനുട്സിൽ ചേർത്തിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിലോ, ഭരണസമിതി തീരുമാനം രേഖപ്പെടുത്തിയ "സകർമ്മ" സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമിലോ മറ്റ് വിശദാംശങ്ങൾ ചേർത്തിട്ടില്ല. ഓഡിറ്റ് സമയത്ത് പരിശോധനക്കായി ലഭ്യമാക്കിയ പുതുക്കിയ ബജറ്റ് രേഖകൾ പ്രകാരം മുൻബാക്കി 26,28,783 രൂപയും, പ്രതീക്ഷിത വരുമാനം 15,57,18,228 രൂപയും ചേർത്ത് ആകെ വരവ് 15,83,47,011 രൂപയും ആകെ ചെലവ് 15,50,58,645 രൂപയും നീക്കിബാക്കി 32,88,366 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 29.01.19 | സമയപരിധി കഴിഞ്ഞ് |
| വികസനം | 11.01.19 | സമയപരിധിക്കകം |
| ക്ഷേമകാര്യം | 30.01.19 | സമയപരിധി കഴിഞ്ഞ് |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി

സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്. (എന്നാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ ബജറ്റ് ഫെബ്രുവരി മാസത്തിൽ തന്നെ പരിഗണിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ (ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

(II) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ

പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

17.05.19 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1(2) പ്രകാരം, 2019-20 വാർഷിക പദ്ധതി ബജറ്റ് വിഹിതത്തിലെ വ്യത്യാസം ക്രമീകരിക്കുന്നതിന് ചില പദ്ധതികൾ ഒഴിവാക്കുന്നതിനും, ചില പദ്ധതികൾ ഭേദഗതി വരുത്തുന്നതിനും ഡി.പി.സി അംഗീകാരം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. (25.05.19 ഭരണസമിതി തീരുമാനം 1(2) - 30 പ്രോജക്ട്സ് ). എന്നാൽ ബജറ്റ് പുതുക്കിയില്ല.

13.08.19 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (3) പ്രകാരം, 2019-20 വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം ചേർത്ത് പദ്ധതികൾ ഭേദഗതികൾ വരുത്തുന്നതിന് തീരുമാനിച്ചിരുന്നു. (31.08.19 ഭരണസമിതി തീരുമാനം 1(1)). എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 13.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 1(1) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 08.01.2021 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41,56,902.30 |
| വരവ് | 7,18,48,789.00 |
| ആകെ | 7,60,05,691.30 |
| ചെലവ് | 7,06,72,124.00 |
| നീക്കിയിരിപ്പ് | 53,33,567.30 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായതുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,17,18,412 | 1,17,18,412 | 87,98,139 | 29,20,273 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 64,42,471 | 64,42,471 | 23,15,117 | 41,27,354 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,44,42,900 | 1,44,42,900 | 29,59,220 | 1,14,83,680 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 35,85,000 | 35,85,000 | 30,00,443 | 5,84,557 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 93,17,297 | 93,17,297 | 24,32,602 | 68,84,595 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 2,70,13,049* | 2,70,13,049 | 2,70,13,049 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 401 | 17,53,043** | 17,53,444 | 11,35,613 | 6,17,831 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| | ആകെ | 401 | 2,87,66,092 | 2,87,66,493 | 2,81,48,662 | 6,17,831 |

* എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്വിൻ ചെലവിനത്തിലെ തുകയും ചേർത്ത തുകയാണ് വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക (I-6) പ്രകാരം ചേർത്തിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ചാർജ്ജ് ഇനത്തിലെ 59 രൂപ ചേർത്താണ് I-14(a) യിൽ തുക രേഖപ്പെടുത്തിയിട്ടുള്ളത്.

** ഫെസ്റ്റിവൽ അലവൻസ് ആയ 4,78,000/- രൂപ ഉൾപ്പെടെയാണ് ഈ തുക. വാർഷിക കണക്ക് റസീറ്റ് & പേയ്മെന്റ് പത്രികയിൽ (RP-31) ഈ തുക ചേർത്തിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 12,84,57,045 | 96 | 5,21,31,568 | 10 | 92 | 48.48% |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68,880 | 116 |
| കർഷകതൊഴിലാളി പെൻഷൻ | 14,17,200 | 483 |
| വിധവാപെൻഷൻ | 78,52,200 | 2639 |
| വാർദ്ധക്യകാലപെൻഷൻ | 89,18,400 | 2945 |
| വികലാംഗപെൻഷൻ | 19,55,000 | 650 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 5,88,000 | 199 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,80,000 | 5 |

## 1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,895/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-9-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

## 1-9-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 358 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ” സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1 തൻവർഷം

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 23,75,748 | 23,08,070 | 17808 | 60714 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 23,75,748 | 23,08,070 | *13769 | *60,772 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | *(63811/105X100)=60,772 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക |

| | | | | |
|---|---|---|---|---|
| | | | | എടുക്കുന്നു. |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,21,919 | 20,75,049 | 4845 | 1,57,946 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,21,919 | 20,75,049 | *0 | **1,57,978 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | **(1,65,877/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3828 | 4466 | 596 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *2783 | 3139 | **596 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2922+0=2922/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (626/105X100)=596 |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 44,972 | 8,626 | 36353 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 62,021 | 8,626 | **36,362 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(39869+25253=65122/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(38180/105X100)=36362, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് | റെസിഡൻഷ്യൽ | 1,21,023 | 201 | 121224 | 117397 | 227 | 117624 | 1034 | | 3097 | 30 | 3237 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വെയർ പ്രകാരം | നോൺ-റെസി ഡൻഷ്യൽ | 112003 | 2265 | 114268 | 104325 | 431 | 104756 | 251 | | 7391 | 1827 | 9898 |
| | ആകെ | 2,35,492 | | | 2,22,380 | | | 1285 | | 13,135 | | |
| വാർഷിക കണക്കിലെ വിവിധ പത്രിക കൾ പ്രകാരം | | 237111 | | | 2,23,121 | | | | 1793 | 12,885 | | |
| | | 3242+233869 = (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ: 1.1, 1.2, 2.1, 2.2, 23 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,23,121/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,22,380/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,22,433/- രൂപയാണ്. {വൗച്ചർ 41900282, 41900284, 41900285 (111121+92996+18316=222433)} (പട്ടിക 3 കാണുക )

## 1-9-4 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 20,99,608 | 31.03.2020 | 41900243 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 64,84,150/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-9-6 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-9-7 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യ ചെലവും 2,76,95,608/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ വിവിധ റോഡുകൾ നിർമ്മിക്കുന്നതിനുള്ള 28,53,451 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | താഴപ്ര പ്രദേശത്ത് കളത്തിൽ ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 3,17,653 |
| 2 | വടക്കേകുട്ടത്ത് ഭാരതപ്പുഴ റോഡ് കോൺക്രീറ്റിംഗ് | 2,27,872 |
| 3 | കാരൂർ ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 2,53,853 |
| 4 | കലാമണ്ഡലം അത്തിക്കപ്പറമ്പ് പള്ളിയുടെ പുറക് വശത്തുള്ള നം. 1 റോഡ് കോൺക്രീറ്റിംഗ് | 2,67,803 |

ഈ തുക തെറ്റായി റവന്യവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 28,53,451/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ ഈ തുകയുള്ള ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

### 1-9-8 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-9-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-9-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,76,665/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 84,37,343/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-9-11 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

31/03/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9-12 ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (2493) |
| 280100102-Prior Period Income-Profession Tax - Institutions/Traders | (15810) |
| 280300101-Prior Period Income- Recovery Of Revenues Written Off – Property Tax | (2814) |
| 280800201-Prior Period- Administrative Expenses | (950) |
| 280800701-Prior Period- Miscellaneous Expenses | (47,28,325) |

## 1-9-13 Capital Work In Progress എന്ന ശീർഷകത്തിൽ തുക കുറവായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/2020 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 10,61,619/- രൂപയാണ്. എന്നാൽ 31/03/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 14,801/- രൂപയാണ്.

## 1-9-14 മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102 - Advance Collection Of Revenues-Profession Tax /Inst/trad/prof | 3,16,470 |
| 2 | പരസ്യ നികുതി | 350410103 - Advance Collection Of Revenues – Advertisement Tax | 50,000 |
| 3 | ഡി &ഒ | 350410301 - Advance Collection Of Revenues - Licence Fees For | 1,23,900 |

| | | | |
|---|---|---|---|
| | | Dangerous And Offensive Trades | |
| 4 | വാടക | 350410401 - Advance Collection Of Revenues - Rent From Buildings | 5,000 |

## 1-9-15 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികം കാലാവധി പൂർത്തിയാക്കിയ തുകകൾ വിവിധ സെക്യൂരിറ്റി ഡെപ്പോസിറ്റ് ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

| ഇനം | ശീർഷകം | കാലയളവ് | തുക |
|---|---|---|---|
| Contractors Retension | 340100301 | 03.12.2015 | 16,027 |
| Other Deposit | 340109901 | 13.10.2015, 14.10.2015 | 18,000 |
| Auction Deposit | 340200102 | 23.08.2005 & 2013-14 | 15,300 |
| Suppliers EMD | 340100102 | 2012-13 മുതൽ 2016-17 വരെ | 10,000 |

Suppliers Security Deposit (340100202) ഇനത്തിൽ മുന്നിരിപ്പ് 6,000/- രൂപ എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും തുക മുതൽ കൂട്ടേണ്ടതാണെങ്കിൽ ആയതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-16 ക്യാഷ് ചെയ്യാത്ത ചെക്ക് വരവായി കണക്കിലെടുക്കേണ്ടതാണ്

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം SBI Own Fund Account ൽ (ശീർഷകം 450210101) ചെക്ക് നം. 611874/07.09.2019 പ്രകാരം 63,480/- രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് ആറ് മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്തതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-17 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/2020 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/2020 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320300102 | Grants, Funds & Contibutions - Jalanidhi | 11,136 | 450610107 | SBI - Jalanidhi | 8,761 |

ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-9-18 അഡ്വാൻസ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2020 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31/3/2020 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 31/3/2020 ലെ നീക്കിയിരിപ്പ് |
|---|---|---|
| 460100199 | 11,10,592 | 11,14,199 |

## 1-9-19 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് GO(Rt)No.2772/2019/Fin, 03.04.2019, GO(Rt)No.6105/2019/Fin, 01.08.2019, GO(Rt)No.10050/2019/Fin, 21.12.2019 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ മൂന്ന് ഗഡുക്കളിലായി 1,21,89,000/- (40,63,000x3=1,21,89,000) രൂപയും GO(Rt)No.6443/2019/Fin, 13.08.2019 പ്രകാരം 2017-18 വർഷത്തെ മികച്ച പഞ്ചായത്തിനുള്ള 5,00,000/- രൂപ, GO(Rt)No.8416/Fin, 22.10.2019 പ്രകാരം 2016-17 വർഷത്തെ മികച്ച പഞ്ചായത്തിനുള്ള 10,00,000/- രൂപ എന്നിവയും ചേർത്ത് മൊത്തം 1,36,89,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കുമ്പോൾ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട (TC) തുക സഹിതമാണ് പഞ്ചായത്തിന് അറ്റ തുകയായി അനുവദിക്കുന്നത്. ഈ അറ്റ തുകയാണ് പഞ്ചായത്ത് ACR പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ വരവായി ചേർത്തിരിക്കുന്നത്. എന്നാൽ അംഗൻവാടി TC ഇനത്തിൽ 3,50,400/- രൂപ ഒരു തവണ മാത്രമേ പ്രാവശ്യം സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളൂ. ACR പത്രികയിലെ Allocation പ്രകാരം ഈ തുകകളൊന്നും തന്നെ ചെലവായി ചേർത്തിട്ടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്തതിനാൽ സുലേഖയിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ 3,50,400 രൂപ ഈയിനത്തിൽ കൂടിയാണ് നിൽക്കുന്നത്.

2) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ തുക അനുവദിക്കുമ്പോൾ രണ്ട് ഗഡുക്കളിലായി 9,85,294/- (985294x2=1970588) രൂപ പഞ്ചായത്തിന്റെ ലൈഫ് വിഹിതമായി സർക്കാരിലേക്ക് അടവാക്കേണ്ട തുക ഉത്ഭവത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുക മാത്രമാണ് ഓരോ പ്രാവശ്യവും അറ്റ തുകയായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള അറ്റ തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഉത്ഭവത്തിൽ നിന്നും ക്രമീകരിച്ച തുക സുലേഖ പത്രികയിൽ ചെലവായി ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation ൽ ചേർത്തിട്ടില്ലാത്തതുമാണ്. ആയതിനാൽ ഈ ചെലവ് തുകയും സുലേഖ പത്രികയിൽ ACR ലെ തുകയേക്കാൾ കൂടി നിൽക്കുന്നു.

മേൽ പ്രസ്താവിച്ച ക്രമ നം. 2 പ്രകാരമുള്ള വ്യത്യാസം എസ്.സി.പി ഫണ്ടിനത്തിലും സംഭവിച്ചിട്ടുണ്ട്.

## 1-10 ഗ്രാമ പഞ്ചായത്തിൽ ജോയിന്റ് കമ്മിറ്റികൾ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരം നൽകുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ ഇപ്രകാരം ജോയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/14.06.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-11 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/14.06.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഓരോ പഞ്ചവത്സര പദ്ധതിക്കും മുന്നോടിയായി വരുന്ന 5 വർഷക്കാലത്തേക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തി വികസനരേഖ തയ്യാറാക്കുന്നുണ്ടെന്നും ആയത് ബ്ലോക്ക് പഞ്ചായത്തിന് തത്സമയം അയച്ചുനൽകുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്ന വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

## 1-12 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ട് കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 07/15.06.22) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

## 1-13 അസറ്റ് മാനേജ്മെന്റ് മാന്വൽ -- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി.ഒ(ആർ.ടി) നം.166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.08 തീ. 15.06.2022 ) നൽകിയതിന് മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു

വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(ii) 06.07.19ലെ ഭരണസമിതി തീരുമാനം 28(1) താഴെ ചേർക്കുന്നു.

“13-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന്റെ പ്രവൃത്തി പാതി വഴിയിൽ നിലനിൽക്കുന്നതായുള്ള അംഗനവാടി വർക്കർ ജയന്തിയുടെ അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.”

(iii) 03.02.20ലെ ഭരണസമിതി തീരുമാനം 14(1) താഴെ ചേർക്കുന്നു.

"ബഹു.ജില്ലാ കളക്ടറുടെ 17.01.2020 തിയ്യതിയിലെ ഡി.സി.ടി.എസ്.ആർ/ബി4/8395/2018-നമ്പർ ഉത്തരവ് ചർച്ച ചെയ്തു. മേൽ ഉത്തരവിൽ പറയുന്ന 11- നമ്പർ അംഗനവാടിക്ക് വേണ്ടിയുള്ള കെട്ടിടം കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 218 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ടി ഭൂമി രേഖകൾ പ്രകാരം വള്ളത്തോൾനഗർ പഞ്ചായത്തിനെ ഏല്പിച്ചതാണെന്ന് ടി ഉത്തരവിൽ പരാമർശിക്കുന്ന വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമാക്കി വെള്ളച്ചാൽ പുറമ്പോക്കായി കിടക്കുന്ന ടി സ്ഥലത്ത് 15 വർഷത്തിലധികമായി വെള്ളം ഒഴുകുന്നില്ലെന്നും വില്ലേജ് ഓഫീസറുടെ പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 166 മൂന്നാം പട്ടികയിലെ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലകളിലെ XIII(1)-ഇനമായ, അംഗനവാടികൾ നടത്തുക എന്ന ഗ്രാമപഞ്ചായത്തിൽ ബാധ്യതപ്പെട്ട കർത്തവ്യം നിർവ്വഹിക്കുന്നതിന് വേണ്ടിയാണ്, മേൽ സൂചിപ്പിച്ച പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് സ്ഥലത്ത് നിയമാനുസൃത നടപടികളെല്ലാം പാലിച്ച് 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അംഗനവാടിക്ക് വേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഉത്തമ വിശ്വാസത്തിൽ പഞ്ചായത്ത് നടത്തിയ പ്രവൃത്തികൾ സാധൂകരിച്ച് തരുന്നതിനും, സ്വകാര്യ വ്യക്തിയുടെ താത്കാലിക ഷെഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗനവാടി അതിനായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി തരുന്നതിന് വേണ്ടിയും സർക്കാറിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.”

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-14 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പി ഡബ്ല്യൂ ഡി-ഉത്തരവ് പ്രകാരം പുതുക്കിയ പി ഡബ്ല്യൂ ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പി ഡബ്ല്യൂ ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പി ഡബ്ല്യൂ ഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം.498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORD ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും

ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പി ഡബ്ല്യൂ ഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/15.06.22)

## 1-15 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പി ഡബ്ല്യൂ ഡി-ഉത്തരവ് പ്രകാരം പുതുക്കിയ പി ഡബ്ല്യൂ ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പി ഡബ്ല്യൂ ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പി ഡബ്ല്യൂ ഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പി ഡബ്ല്യൂ ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ കരാറുകാർ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പി ഡബ്ല്യൂ ഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല. ഉദാഹരണം 1) പ്രോജക്റ്റ് നമ്പർ 145/20 കരിമ്പിൻ നമ്പുള്ളി റോഡ് പുരോഗമന പ്രവൃത്തി 2) പ്രോജക്റ്റ് നമ്പർ 192/20 പുല്ലാട്ട്പടി റോഡ്

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം.11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ചില മരാമത്ത് ഫയലുകളിൽ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചതായി (ഫോട്ടോ) ഫയലിൽ രേഖയില്ല. ഉദാ. പ്രോജക്റ്റ് നമ്പർ 145/20 കരിമ്പിൻ നമ്പുള്ളി റോഡ് പുരോഗമന പ്രവൃത്തി. ചില മരാമത്ത് ഫയലുകളിൽ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഉദാ. 1) പ്രോജക്ട് നമ്പർ 192/20 പുല്ലാട്ട്പടി റോഡ് 2) പ്രോജക്ട് നമ്പർ 146/20 നമ്പുള്ളി പറമ്പ് ലിങ്ക് റോഡ്.

4) പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നമ്പർ പല പ്രോജക്ടുകളിലും, പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല. ഉദാഹരണം 1) പ്രോജക്ട് നമ്പർ 145/20 കരിമ്പിൻ നമ്പുള്ളി റോഡ് പുരോഗമന പ്രവൃത്തി 2) പ്രോജക്ട് നമ്പർ 192/20 പുല്ലാട്ട്പടി റോഡ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/15.06.22)

## 1-16 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1. വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1094 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 8 |
| 3 | 200 ച.മീവരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 0 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ | 1 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 76 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 38 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 12 |
| | ആകെ | 1230 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 1230 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2019-20 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1230 കെട്ടിടങ്ങളിൽ 428 സ്ഥാപനങ്ങൾ മാത്രമാണ് വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ അപേക്ഷ നല്കിയിട്ടുള്ളത്. ബാക്കിയുള്ള 802 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ 50 ശതമാനത്തിൽ താഴെ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും സുരക്ഷിതത്വത്തിന് ഭീഷണിയാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

2. എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ല.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മീഡിയം, ലാർജ്ജ്

എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഇത്തരത്തിലുള്ള അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. അപേക്ഷകൾ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ളവയാണെന്ന് ഉറപ്പാക്കേണ്ടതും ലൈസൻസ് ഫീസ് ആയതിനനുസൃതമായി ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറിയ്ക്ക് നം.21/16.06.2021)

## 1-17 തൊഴിൽ നികുതി - അപാകതകൾ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ - 5 ലെ മാതൃകയിൽ സൂക്ഷിക്കണം. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ രണ്ടാം അർദ്ധ വർഷം മേൽ പ്രകാരമുള്ള വിവരങ്ങൾ ഇല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 പ്രകാരം ശമ്പളത്തിന്റെ വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങളടങ്ങിയ പത്രിക സമർപ്പിക്കുവാനും നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരേയും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമക്ക് തസ്വഭ സ്ഥാപനം, സ്ഥാപനങ്ങൾ/ വ്യക്തികൾ/വ്യാപാരികൾ കമ്പനികൾക്ക് നോട്ടിസ് നൽകിയിട്ടും ആയത് പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം. 15/16.06.2022).

2. G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി സ്വീകരിച്ച ഉടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 വാടക - അപാകതകൾ

വാടക – കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. 2019- 20 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഷോപ്പിങ്ങ് കോംപ്ലക്സ് വാടക ഇനത്തിൽ കുടിശ്ശിക 17,469 രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം കുടിശ്ശിക 50,486 രൂപയാണ്. കുടിശ്ശികയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | കുടിശ്ശിക തുക | ആകെ |
|---|---|---|---|
| 1 | 3/321E | 2500X3 | 7500 |
| 2 | 3/325 C | 3308X3 | 9924 |
| 3 | 3/325G | 2858X9 | 25722 |
| 4 | 4/71 | 7340X1 | 7340 |
| ആകെ | | | 50486 |

യഥാർത്ഥ കുടിശ്ശിക തുക 50,486 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 33,017 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് സംഭവിച്ചിട്ടുള്ള നഷ്ടം പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതും വിവരം അറിയിക്കേണ്ടതാണ്.

2. 2019-20 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 57 കടമുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇവയിൽ 7 റൂമുകൾ വാടകയ്ക്ക് നല്കിയതിന് കരാറുകൾ ചമച്ചിട്ടില്ല.

| ക്രമ നം | റൂം നമ്പർ |
|---|---|
| 1 | 3/303 |
| 2 | 3/309 |
| 3 | 3/309A |
| 4 | 3/310 |

| | |
|---|---|
| 5 | 3/321A |
| 6 | 3/325 B |
| 7 | 7/504 |

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്ത എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി 200 രൂപയാണ്. ആയതു പ്രകാരം വാടക കരാർ വെക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ 1400 രൂപ നഷ്ടം വന്നിട്ടുണ്ട്.

യഥാസമയം വാടക കരാറുകളിൽ ഏർപ്പെടേണ്ടതും കുടിശ്ശിക തുക യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം എന്നിവയുടെ വാടക ബൈലോ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. തയ്യാറാക്കിയ ബൈലോയ്ക്ക് സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 24/16.06.2022

## 1-19 വസ്തു നികുതി നിർണ്ണയം കൃത്യമല്ല

ഹന്ന റെസിഡൻസി, എക്കോ ഗാർഡൻ, റിവർ റിട്രീറ്റ് തുടങ്ങിയ റിസോർട്ടുകൾ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നുണ്ട് . സഞ്ചയ വസ്തു നികുതി വിശദാംശങ്ങൾ പ്രകാരം റിസോർട്ടുകൾ ഇല്ലായെന്നാണ് കാണിച്ചിട്ടുള്ളത്. സഞ്ചയ വസ്തു നികുതി നിരക്കുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ റിസോർട്ടുകൾക്ക് 80 രൂപയാണ് അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന് വസ്തുനികുതി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നം 16- 16/06/2022) മറുപടി നല്കിയിട്ടില്ല.

## 1-20 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി

പഞ്ചായത്തിൽ ആകെ 7 മൊബൈൽ ടവറുകളാണ് ഉള്ളത്. ഇതിൽ 3 ബി എസ് എൻ എൽ മൊബൈൽ ടവറുകളും ഉൾപ്പെടുന്നു. പഞ്ചായത്ത് നിർണ്ണയിച്ച ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി തുക |
|---|---|---|
| 1 | 5/94 A | 12074 |
| 2 | 7/190A | 3446 |
| 3 | 9/27A | 9743 |

മേൽ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ 2019-20 ലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതില്ല എന്നവാദത്തിന്റെ അടിസ്ഥാനത്തിലും, പഞ്ചായത്ത് നിർണ്ണയിക്കാൻ കണക്കാക്കിയ ഏരിയ കൂടുതലാണ് എന്നതിനാലും നികുതി അടവാക്കാൻ കമ്പനി തയ്യാറാവാത്തതിനാൽ പഞ്ചായത്തുമായി കേസ് നിലവിലുണ്ട്. (കേസ് നം ST 785/ 17). കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 22/16.06.2022)

## 1-21 ലൈഫ് ഭവന പദ്ധതി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായ (1) പ്രീത രാജേഷ്, വലക്കലായിൽ വീട്, വെട്ടിക്കാട്ടിരി (2)സുബൈദ ബഷീർ, കണ്ടുക്കാട്ടിൽ വീട്, ചെറുതുരുത്തി എന്നിവർക്ക് 40,000/- രൂപ വീതം യഥാക്രമം 23.03.2018, 14.08.2018 തീയതികളിൽ ആദ്യ ഗഡു നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലും വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ തുടർനടപടികൾ സ്വീകരിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റിയിട്ട് നാളിതുവരെയായി തുടർ പ്രവർത്തനങ്ങൾ നടത്താതിരുന്നതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/16.06.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

വീട് പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 പത്രപരസ്യ ചാർജ്ജ് - സർക്കാർ ഉത്തരവിനനുസരിച്ചുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 21900421 | 16.07.19 | മാതൃഭൂമി | 4259 |
| 2 | 21900650 | 27.08.19 | ദേശാഭിമാനി | 5796 |
| 3 | 21900653 | 16.09.19 | „ | 5796 |
| 4 | 21900787 | 19.10.19 | കേരള കൗമുദി | 2142 |
| 5 | 21900992 | 08.11.19 | ദേശാഭിമാനി | 5796 |
| 6 | 21900993 | 08.11.19 | കേരള കൗമുദി | 1260 |
| 7 | 21901005 | 04.12.19 | ദേശാഭിമാനി | 5796 |
| 8 | 21901233 | 14.01.20 | കേരള കൗമുദി | 3402 |
| 9 | 21901264 | 16.02.20 | ദേശാഭിമാനി | 3864 |
| 10 | 21901330 | 20.02.20 | “ | 3864 |
| ആകെ | | | | 41,975 |

മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാകാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/16.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിസ്കൗണ്ട് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ വരും വർഷങ്ങളിലുള്ള ബില്ലുകളിൽ ടി. തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-23 ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല.

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2019-20 വർഷത്തിൽ അഡ്വ.പി.സി.ശശീധരൻ എന്നവർക്ക് വൗച്ചർ നം.21900360/08.07.2019 പ്രകാരം 15,000/- രൂപയും, വൗച്ചർ നം.21900630/25.09.2019 പ്രകാരം 31,500/- രൂപയും ഫീസ് നൽകിയിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ് ഈടാക്കേണ്ടതാണ്. പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ് ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/17.06.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നടപ്പാലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർനം./തീയതി, | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4/20 -IKM വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | 21900415/28.06.19 | 70,050/- | ഇൻഫർമേഷൻ കേരള മിഷൻ |
| 2 | 69/20-ജി.എൽ.പി.എസ് റീവയറിങ്ങ് (ധനകാര്യ കമ്മീഷൻ അവാർഡ്-3,91,656 + നോൺ-റോഡ് 2,00,000) | 21900967/26.10.19 | 1,50,000/- | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ |
| | | 21901534/27.01.20 | 2,41,656/- | |
| | | 21900968/26.10.19 | 2,00,000/- | |

മേൽ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 27/17.06.2022).

## 1-25 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 327 വാട്ടർ ടാപ്പുകളുടെ ചാർജ്ജായി 1,43,063/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കി വരുന്നുണ്ട്. ഇത് കൂടാതെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വാട്ടർ ചാർജ്ജ് കുടിശ്ശിക അടയ്ക്കൽ എന്ന പ്രൊജക്ട് പ്രകാരം (158/20) പത്ത് ലക്ഷം രൂപയും (വൗച്ചർ നം. 21900416/28.06.19, തുക -7,00,000/-, വൗച്ചർ നം.21900640/08.08.19, തുക-3,00,000/-) കുടിശ്ശികയിനത്തിൽ അടവാക്കിയിട്ടുണ്ട്. കുടിശ്ശിക തുകയായി മേൽ തുക അടവാക്കിയിട്ടും ഇപ്പോഴും ഭീമമായ തുക കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. ഇതിനെ തുടർന്ന് 03.07.19 തീയതിയിലെ എ 1-01/19 നമ്പർ കത്ത് പ്രകാരം പല ടാപ്പുകളും നിലവിലില്ലാത്ത സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിച്ച് തരുന്നതിന് അപേക്ഷിച്ചിരുന്നു. ആയത് പ്രകാരം സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/17.06.22 ന് മറുപടി ലഭ്യമാക്കിയില്ല.

സംയുക്ത പരിശോധന നടത്തുന്നതിനും ആയതനുസരിച്ച് വാട്ടർ ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരത്തിലുള്ള കുടിശ്ശികാ ബാധ്യത വർഷാവർഷം കൂടി വരുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

## 1-26 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.5, തീയതി 14.06.2022)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, പി.എച്ച്.സി, വള്ളത്തോൾ നഗർ | 19.02.2007 | 2020-21 ഉൾപ്പെടെയുള്ളത് |
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി, വള്ളത്തോൾ നഗർ | വിവരം ലഭ്യമാക്കിയിട്ടില്ല | 2020-21 മുതൽക്കുള്ളത്. |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | വള്ളത്തോൾ നഗർ | | |

## 1-27 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.

1) സ.ഉ.(എം.എസ്) നം.97/2020/ധന. തീയതി. 23.09.2020 പ്രകാരം മരണപ്പെടുകയോ പുനർവിവാഹിതരാവുകയോ ചെയ്യുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖേന ശേഖരിക്കേണ്ടതും അപ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഈ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആധാർ നമ്പർ | പെൻഷൻ തരം | മരണപ്പെട്ട തീയതി | പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ബീവി, ചക്കംപറമ്പിൽ കിഴക്കേത് വീട്, വെട്ടിക്കാട്ടിരി | 711352114445 | വാർദ്ധക്യകാല പെൻഷൻ | 21.02.2020 | ഫെബ്രുവരി 2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | രാധമ്മ, മുട്ടത്ത് വീട്, ചെറുതുരുത്തി | 428134163090 | വാർദ്ധക്യകാല പെൻഷൻ | 26.02.2020 | മെയ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | അലി.കെ.കെ, പയ്യാട്ടുപറമ്പിൽ വീട്, ചെറുതുരുത്തി | 824650811420 | വാർദ്ധക്യകാല പെൻഷൻ | 03.04.2020 | മെയ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് മേൽ സർക്കാർ ഉത്തരവ്, സർക്കുലർ നം 63/2021 ധന തിയ്യതി 02.08.2021 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 29/17.06.2022)

## 1-28 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
പ്രൊജക്ട് നം. 9/20, പ്രത്യേക കന്ന്കുട്ടി പരിപാലന പദ്ധതി
ചെലവ് – 5,62,500/- (വികസന ഫണ്ട് – ജനറൽ)
വൗച്ചർ നം. 21901441/28.10.2019, തുക – 5,62,500/-

50 ഗുണഭോക്താക്കൾക്ക് മൃഗസംരക്ഷണവകുപ്പിന്റെ CAP (25% സംസ്ഥാനാവിഷ്കൃതവും 25% പഞ്ചായത്ത് വിഹിതവും) പദ്ധതിയിൽ ഉൾപ്പെടുത്തിയും 20 ഗുണഭോക്താക്കൾക്ക് GP (50% പഞ്ചായത്ത് വിഹിതം) പദ്ധതിയിൽ ഉൾപ്പെടുത്തിയും 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ വൗച്ചർ പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 713011400000034) 5,62,500/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

GP പദ്ധതിയിൽ ഉൾപ്പെടുന്ന ശ്രീവിദ്യ.എൻ, കിഴക്കേചേലാറ്റി വീട് എന്ന ഗുണഭോക്താവ് നാല് മാസം (04.05.20, 25.05.20, 06.20, 07.20) മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താവ് പദ്ധതയിൽ നിന്നും വിട്ട് പോയിട്ടുണ്ടെങ്കിൽ വിഹിതമായി എസ്.എൽ.ബി.പി യിൽ അടവാക്കിയ തുക തിരികെ ഈടാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-29 ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് ചെറുതുരുത്തി നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ട് - രേഖകൾ പരിശോധനക്കായി ആവശ്യപ്പെടുന്നു

പ്രോജക്ട് നമ്പർ: 31/20

പ്രോജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ് ചെറുതുരുത്തി

വൗച്ചർ നമ്പർ : 1) 21901486/17.01.20 = 44850 (ട്രഷറി ബിൽ നം.01/19-20 Dtd.21.01.20) (DF SCP)

2) 21901530/23.12.19 = 62700 (ട്രഷറി ബിൽ നം.03/19-20 Dtd.21.01.20) (DF SCP)

06.11.19ലെ ഭരണസമിതി തീരുമാനം 2(4) പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കീർത്തി മാർക്കറ്റിംഗിൽ നിന്നും 30 സ്റ്റീൽ ടേബിളും, സംസം ഇൻഡസ്ട്രീസ് കിഴക്കേക്കരകുന്ന് നിന്നും 30 സ്റ്റീൽ കസേരയും വാങ്ങിച്ചിട്ടുണ്ട്. പ്രസ്തുത ഫർണിച്ചർ വിതരണം നടത്തിയതിന് ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മറിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒരു വിതരണ സ്റ്റേറ്റ്മെന്റ് ആണ് ഹാജരാക്കിയിട്ടുള്ളത്. ഈ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് (തീരുമാനം സഹിതം) പരിശോധനക്കായി ലഭ്യമാക്കിയില്ല.

2) വിതരണ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന നിജിൽ.എൻ.എം, സയന രാധാകൃഷ്ണൻ, ശിവന്യ.കെ.എസ്, സുമിഷ എന്നീ ഗുണഭോക്താക്കളുടേതൊഴിച്ച് താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അവരവരുടെ നേരെ ചേർത്ത രേഖകൾ പരിശോധനക്കായി ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | മേൽവിലാസം | വാർഡ് | ലഭിക്കാത്ത വ്യക്തിഗത രേഖകൾ |
|---|---|---|---|---|
| 1 | നിരഞ്ജന.കെ.ആർ | കാഞ്ഞിരക്കുട്ടിപറമ്പിൽ | 10 | 1) ജാതി സർട്ടിഫിക്കറ്റ് 2) വിദ്യാർത്ഥി ആണെന്ന സർട്ടിഫിക്കറ്റ് |
| 2 | അഞ്ജലി.പി.ആർ | പുളിക്കൽ ഹൗസ്, ചെറുതുരുത്തി | 7 | ,, |
| 3 | ഐശ്വര്യ.കെ.വി | വൈഷ്ണവം, ചെറുതുരുത്തി | 13 | ,, |
| 4 | നിഖിൽ.കെ.എച്ച് | കോരാംപള്ളത്ത്, ചെറുതുരുത്തി | 16 | ,, |
| 5 | ആദിത്യൻ.എ.ടി | ആലിക്കപറമ്പിൽ, ചെറുതുരുത്തി | 9 | ,, |
| 6 | ജയസൂര്യ.ബി.ജെ | ബംഗ്ലാവ് പറമ്പ്, ചെറുതുരുത്തി | 15 | ,, |
| 7 | ദേവിക.എൻ.ആർ | നല്ലവരമ്പത്ത്, നെടുമ്പുര | 10 | ,, |
| 8 | ഗോപിക.കെ.ജി | കിണറ്റിങ്ങരപടി, പന്നിയടി | 11 | ,, |
| 9 | അതുല്യ.സി | ചേയിക്കൽ, താഴപ്ര | 15 | ,, |
| 10 | വിസ്മയ.സി.വി | ചേന്നംകുന്നത്ത് | 10 | ,, |
| 11 | വിജിത്ത്.എം.വി | മുല്ലക്കൽ | 15 | ,, |
| 12 | പൃഥ്വിരാജ്.എൻ.പി | ആറാഞ്ചേരികുന്നത്ത് | 11 | ,, |

| | | | | |
|---|---|---|---|---|
| 13 | അനന്ദ.ഒ.എസ് | ഉരിക്കാൽകുന്നത്ത് പുതുശ്ശേരി | 16 | ,, |
| 14 | രശ്മി.എൻ.ആർ | നമ്പുള്ളിപടി വെട്ടിക്കാട്ടിരി | 8 | ,, |
| 15 | അജേഷ്.ആർ | നല്ലവരമ്പത്ത്, നെട്ടൂമ്പര | 10 | ,, |
| 16 | ചാന്ദ്ര.എം.എസ് | മനയ്ക്കപ്പാടത്ത്, ചെറുതുരുത്തി | 6 | ,, |
| 17 | സുരജന.കെ.എസ് | കുറുപ്പംതൊടി, ചെറുതുരുത്തി | 5 | ,, |
| 18 | ആദിത്യ.കെ.എച്ച് | കോരാംപള്ളത്ത്, പുതുശ്ശേരി | 16 | ,, |
| 19 | ഐശ്വര്യ.വി.എസ് | വിയ്യത്ത് പറമ്പിൽ, പുതുശ്ശേരി | 16 | ,, |
| 20 | നിയശ്രീ.വി.സി | പള്ളിയാലിൽ, താഴപ്ര | 14 | ,, |
| 21 | കൈലാസ് നാഥ്.കെ.ആർ | കല്ലഴിപറമ്പിൽ, പുതുശ്ശേരി | 16 | ,, |
| 22 | വിസ്മയ.കെ.എസ് | കടലാംകുന്നത്ത്, നെട്ടൂമ്പര | 11 | ,, |
| 23 | അമർനാഥ് | മടത്തിങ്കര, കോഴിമാംപറമ്പ് | 13 | ,, |
| 24 | സജിത.വി | ചക്കംപറമ്പിൽ, ചെറുതുരുത്തി | 5 | ,, |
| 25 | കാർത്തിക.കെ.എസ് | കാരാഞ്ചേരി, നെട്ടൂമ്പര | 11 | ,, |
| 26 | ഗോകുൽ | മുത്തങ്ങാം കുണ്ടിൽ | 4 | 1) ജാതി സർട്ടിഫിക്കറ്റ് 2) യൂണിവേഴ്സിറ്റിയിൽ പി.ജി കോഴ്സിന് രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് |

മേൽ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതുവരെ ഈ പ്രോജക്ടിൽ ചെലവഴിച്ച 1,07,550 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 11/15.06.22)

## 1-30 മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾ - രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

1) പ്രോജക്ട് നമ്പർ: 33/20

പ്രോജക്ട് : പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

വൗച്ചർ നമ്പർ : 1) 21901480/09.03.20 = 76781 (ട്രഷറി ബിൽ നം.08/19-20 Dtd.19.03.20)(DF G)

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിലേക്കായി 76781 രൂപ പ്രഫോർമ ഇൻവോയ്സ് നമ്പർ PRF 4153/25.01.20 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സും മരുന്നുകളുടെ സ്റ്റോക്ക് എൻട്രികളും പരിശോധനക്കായി ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) പ്രോജക്ട് നമ്പർ: 50/20

പ്രോജക്ട് : കൊതുക് നശീകരണയന്ത്രം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

വൗച്ചർ നമ്പർ : 1) 21901254/14.02.20 = 30,000 (ട്രഷറി ബിൽ നം.06/19-20 Dtd.14.02.20)(MG NR)

2) ചെക്ക് നമ്പർ JN 2292553/05.03.20 = 29,990(OF)

മേൽ പ്രോജക്ടിന്റെ ഭാഗമായി ഫോഗിംഗ് മെഷിൻ വാങ്ങിയതിന് ടാക്സ് ഇൻവോയ്സ് നം.162/09.01.20 പ്രകാരം 59990 രൂപ സൂര്യ ട്രേഡിംഗ് കമ്പനി, അവിട്ടത്തൂരിന് നൽകിയിട്ടുണ്ട്. എന്നാൽ ഫോഗിംഗ് മെഷിൻ സ്റ്റോക്ക് എടുത്തതിന്റെ വിവരം പരിശോധനക്ക് ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) പ്രോജക്ട് നമ്പർ: 51/20

പ്രോജക്ട് : ജീവിതശൈലീ രോഗനിർണ്ണയ നടത്തിപ്പും, ഉപകരണങ്ങൾ വാങ്ങലും

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

വൗച്ചർ നമ്പർ : 1) 21901478/18.03.20 = 49884 (ട്രഷറി ബിൽ നം.09/19-20 Dtd.19.03.20)(MG NR)

മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ ഉപകരണങ്ങളും, സാധനങ്ങളും വാങ്ങിയതിന് ടാക്സ് ഇൻവോയ്സ് നം.NTUR 2993/13.03.20 പ്രകാരവും, NTUR 2994/13.03.20 പ്രകാരവും 49884 രൂപ New Trichur Diagnostics, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങളും, സാധനങ്ങളും സ്റ്റോക്ക് എടുത്തതിന്റെ വിവരം പരിശോധനക്ക് ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 25/17.06.22)

## 1-31 മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ തൻവർഷം 79% ൽ അധികം പണം ചെലവഴിക്കാനാകാതെ ലാപ്സായി പോയത് - ആവർത്തിക്കാതിരിക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ സംസ്ഥാന സർക്കാർ 1,44,43,000 രൂപയാണ് സംസ്ഥാന ബജറ്റ് വിഹിതമായി നിശ്ചയിച്ച് അനുവദിച്ചിട്ടുള്ളത്. സാംഖ്യ ACR പ്രകാരവും ഇത്രതന്നെ തുകയാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ചെലവഴിക്കാൻ ലഭിച്ചിട്ടുള്ളത്. എന്നാൽ സുലേഖ പത്രികയിലെ രേഖപ്പെടുത്തൽ പ്രകാരം പഞ്ചായത്ത് 1,56,37,234 രൂപക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി DPCഅംഗീകാരം വാങ്ങിയതായാണ് കാണുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (ഓഡിറ്റ് എൻക്വയറി നം. 17/16.06.22). ആയതിന് മറുപടി ലഭിച്ചില്ല.

1) സംസ്ഥാന ബജറ്റ് വിഹിതമായി നിശ്ചയിച്ച തുകയേക്കാൾ ഉയർന്ന തുകക്ക് ഈ ഇനത്തിൽ പ്രൊജക്ടുകൾതയ്യാറാക്കി DPCഅംഗീകാരം നേടാനിടയായത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

2) സംസ്ഥാന ബജറ്റ് വിഹിതമായി 1,44,43,000 രൂപ ലഭിച്ചിട്ടും കേവലം 29,59,320 രൂപ (ലഭിച്ചതിന്റെ 20.49%) മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിൽ ചെലവഴിക്കാനായത്. അംഗീകരിക്കപ്പെട്ട പ്രൊജക്ടുകളും, നിർവ്വഹണ ഉദ്യോഗസ്ഥനും, ഫണ്ടും ഉണ്ടായിരിക്കെ പൊതുജന നന്മക്കായി ചെലവഴിക്കപ്പെടേണ്ട പണം തൻവർഷം 79% ൽ അധികം ചെലവഴിക്കാനാകാതെ ലാപ്സായി പോയത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ എപ്പോഴെങ്കിലും അവലോകനത്തിന് വിധേയമാക്കിയിട്ടുണ്ടോ?

മേൽ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഇപ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയും, സെക്രട്ടറിയും, നിർവ്വണഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 മരാമത്ത് ഫയലുകൾ - പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

താഴെ പട്ടികപ്പെടുത്തിയ വിവിധ വൗച്ചറുകൾ പ്രകാരം ചെലവ് രേഖപ്പെടുത്തിയ മരാമത്ത് ഫയലുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | ബിൽനമ്പർ/ ചെക്ക് നമ്പർ/വൗച്ചർ നമ്പർ | തുക (രൂപയിൽ) | ഫണ്ട് |
|---|---|---|---|---|
| 1 | 122/20<br>11 ാം നമ്പർ | 03/19-20 തീ. 10.06.19 | 950000 | CFC |

| | | | | |
|---|---|---|---|---|
| | അംഗൻവാടി കെട്ടിടം | (21900290/01.06.19) | | |
| 2 | 134/20 വിവിധകുടിവെള്ള പദ്ധതികളുടെ റിപ്പയർ | 21900770/22.10.19<br>21900771/22.10.19 | 460506<br>39494 | Ownfund |
| | ആകെ | | 14,50,000 | |

മരാമത്ത് ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 14,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 18/16.06.22)

## 1-33 MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 192/20 |
| പ്രൊജക്ട് | പുല്ലാട്ട്പടി റോഡ് |
| സാങ്കേതികാനുമതി | 69158/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/51263 Dtd. 29.09.19 |
| സാങ്കേതികാനുമതി തുക | 3,87,000 രൂപ |
| കരാറുകാരൻ | ശ്രീ. ജയൻ.വി.പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 10/AE/LSGD/VNGP/19-20 Dtd. 08.11.19 |
| എം.ബുക്ക് | 397/2016-17 |
| വൗച്ചർ നമ്പർ, തുക | 21901126/21.12.19 = 3,86,503 (MGR) |

മേൽ പ്രവൃത്തിയിൽ 7-ാം ഇനം പ്രവൃത്തി P.C.C Grade M20 Nominal Mix(1:2:4) സിമന്റ് കോൺക്രീറ്റ് ആണ്. MORD സ്പെസിഫിക്കേഷൻ 800, 1200 എന്നിവയെ ആധാരമാക്കി തയ്യാറാക്കിയതാണ് നാലാം ഇനം പ്രവൃത്തിയുടെ ഡാറ്റ. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അംഗീകരിച്ചിരിക്കുന്ന നിരക്ക് 7549.93/m³ ആണ്. പ്രസ്തുത ഡാറ്റയുടെ വിശദവിവരം താഴെ ചേർക്കുന്നു. ( Unit = Cum )

| Material/Labour | Unit | Quantity | Rate (Rs) | Cost(Rs) |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Sand | Cum | 0.45 | 1303.77 | 586.7 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.6 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(1st Class) | Day | 0.10 | 487.00 | 48.70 |
| Mazdoor(unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4cum Capacity<br>Formwork@4% On (A+b+c) | Hour | 0.4 | 100.00 | 40.00 |

| |
|---|
| Cost Of 1 Cum 4760.88 |
| Add Overhead @ 10% 476.08 |
| Add Contractors Profit @ 10% 523.69 |
| Cost Index @ 31.06% 1789.26 |
| Total With Cost Index 7549.93 |
| Say 7549.93 |

ഈ ഡാറ്റ പ്രകാരം സിമന്റ് കോൺക്രീറ്റിന് Fine Aggregate (Sand) 0.45m³ ഉപയോഗിക്കുമ്പോൾ Coarse Aggregate 0.90m³ (0.36 + 0.36 + 0.18) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിച്ചിരിക്കുന്ന സിമന്റിന്റെ അളവ് 330 Kg (0.33 Metric Tonne) ആണ്. MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6) P.C.C Grade M20 Nominal Mix സിമന്റ് കോൺക്രീറ്റിന് 50 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass (Fine Aggregate + Coarse Aggregate) 250 Kg മതിയാകുന്നതാണ്. എന്നാൽ മേൽ ഡാറ്റയിൽ 330 Kg സിമന്റിന് ഉപയോഗിച്ചിരിക്കുന്ന Dry Aggregate ന്റെ Mass 2812.50 Kg ആണ് (Density Of Fine Aggregate ഏറ്റവും ചുരുങ്ങിയത് 1450 Kg/m³, Density Of Coarse Aggregate ഏറ്റവും ചുരുങ്ങിയത് 2400 Kg/m³ ആണെന്നിരിക്കെ Dry Aggregate ന്റെ Mass = (0.45 X 1450) + (0.90 X 2400) = 652.5 + 2160 = 2812.50). അതായത് MORD സ്പെസിഫിക്കേഷൻ 800 അനുസരിച്ച് (ടേബിൾ 800.6), 330 Kg സിമന്റ് ഉപയോഗിക്കുമ്പോൾ Dry Aggregate ന്റെ Mass 1650 Kg മതിയെന്നിരിക്കെ 2812.50 Kg ഉപയോഗപ്പെടുത്തേണ്ട ആവശ്യകത ഇല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഡാറ്റയിൽ ഉപയോഗപ്പെടുത്തുന്ന Fine Aggregate (Sand) ന്റെയും, Coarse Aggregate ന്റെയും അളവ് വളരെ കൂടുതൽ ആണ്. ഇത് കാരണം ഈ ഇനം പ്രവൃത്തിയുടെ നിരക്ക് അർഹമായതിലും അധികം ഉയർന്ന് നിൽക്കുന്നു.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.20/16.06.22)

## 1-34 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ച നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ച നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. ഇത് സംബന്ധിച്ച ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 60/19, 145/20 |
| പ്രൊജക്ട് | കരിമ്പിൻ നമ്പുള്ളി റോഡ് പുരോഗമന പ്രവൃത്തി |
| സാങ്കേതികാനുമതി | 64382/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/54777 Dtd. 05.07.18 |
| സാങ്കേതികാനുമതി തുക | 5,60,000 രൂപ |
| കരാറുകാരൻ | ശ്രീ. ഷാജഹാൻ.എം.ഐ |
| കരാർ നിരക്ക് | 476747.66 |
| കരാർ ഉടമ്പടി | 17/AE/LSGD/VNGP/18-19 Dtd. 09.08.18 |
| എം.ബുക്ക് | 293/16-17 |
| വൗച്ചർ നമ്പർ, തുക | 21900293/21.06.19 = 3,85,468 (MGR)<br>21900769/22.10.19 = 92881 (OF) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 478349 |

| | | |
|---|---|---|
| (-)ആദായനികുതി 1% | 4783 | |
| (-)ക്ഷേമനിധി വിഹിതം 1% | 4783 | |
| (-)ജി.എസ്.ടി 2% | 9566 | |
| ആകെ കിഴിവ് | | 19132 |
| കരാറുകാരന് നൽകിയത് | | 459217 |

എം ബുക്ക് പേജ് 25ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG 30 ബിറ്റുമിൻ 1293.21 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 168.55 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 520.97 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 1293.21/156 = 08 ബാരൽ, RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 689.52/182 = 3ബാരൽ ആകെ 11 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 478349 |
| (-)ആദായനികുതി 1% | 4783 | |
| (-)ക്ഷേമനിധി വിഹിതം 1% | 4783 | |
| (-)ജി.എസ്.ടി 2% | 9566 | |
| (-)കാലി ബാരൽ വില 11എണ്ണം @ 238/one | 2618 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 471 | |
| ആകെ കിഴിവ് | | 22221 |
| കരാറുകാരന് അർഹമായത് | | 456128 |
| കരാറുകാരന് നൽകിയത് | | 459217 |
| അധികം നൽകിയത് | | 3089 |

മേൽ വിവരിച്ച പ്രകാരം Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധിക തുക നൽകാനിടയായി.

| ക്രമ നമ്പർ | പ്രോജക്ട് | സാങ്കേതികാനുമതി നമ്പർ | വൗച്ചർ നമ്പർ | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 145/20 | 64382/18-19 | 21900293/21.06.19<br>21900769/22.10.19 | 385468<br>92881 | 293/16-17 | VG30 = 1293.21 Kg<br>RS 1 = 168.55 Kg<br>SS1 = 520.97 Kg | 8+3 = 11 | 3089 |
| 2 | 153/20 | 62301/18-19 | 21900296/21.06.19 | 200000 | 103/18-19 | VG30 = 590.2 Kg<br>RS1 = 80.84 Kg<br>SS1 = 249.86 Kg | 3+1 = 4 | 1123 |
| 3 | 146/20 | 64386/18-19 | 21900292/21.06.19<br>21900768/22.10.19 | 450000<br>6428 | 218/18-19 | VG30 = 686.81 Kg<br>RS1 = 89.51 Kg<br>SS1 = 276.68 Kg | 4+2 =6 | 1685 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 115/20 | 21370/19-20 | 21901447/ 31.01.20 | 199881 | 298/18-19 | VG30 = 1677.31 Kg<br>RS1 = 159.3 Kg | 10+1 =11 | 3089 |
| 5 | 91/20 | 23688/19-20 | 21901449/ 31.01.20 | 449672 | 137/19-20 | VG30 = 2798.53 Kg<br>RS1 = 303 Kg<br>SS1 = 102 Kg | 17+2 =19 | 5336 |
| 6 | 43/19, 144/20 | 50420/18-19 | 21900294/ 21.06.19 21901035/ 30.12.19 | 158766 18711 | 104/18-19 | VG30 = 672.64 Kg<br>RS1 = 87.67 Kg<br>SS1 = 270.97 Kg | 4+2 =6 | 1685 |
| | ആകെ അധിക ചെലവ് | | | | | | | 16,007 |

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/16.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ച നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ച നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. ഇത് സംബന്ധിച്ച ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 60/19, 145/20 |
| പ്രൊജക്ട് | കരിമ്പിൻ നമ്പുള്ളി റോഡ് പുരോഗമന പ്രവൃത്തി |
| സാങ്കേതികാനുമതി | 64382/2018-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/54777 Dtd. 05.07.18 |
| സാങ്കേതികാനുമതി തുക | 5,60,000 രൂപ |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ഷാജഹാൻ.എം.ഐ |
| കരാർ നിരക്ക് | 476747.66 |
| കരാർ ഉടമ്പടി | 17/AE/LSGD/VNGP/18-19 Dtd. 09.08.18 |
| എം.ബുക്ക് | 293/16-17 |
| വൗച്ചർ നമ്പർ, തുക | 21900293/21.06.19 = 3,85,468 (MG R)<br>21900769/22.10.19 = 92881 (OF) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 478349 |
| (-)ആദായനികുതി 1% | 4783 | |
| (-)ക്ഷേമനിധി വിഹിതം 1% | 4783 | |
| (-)ജി.എസ്.ടി 2% | 9566 | |
| ആകെ കിഴിവ് | | 19132 |
| കരാറുകാരന് നൽകിയത് | | 459217 |

എം ബുക്ക് പേജ് 25ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30 ബിറ്റുമിൻ 1293.21 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 168.55 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 520.97 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 1293.21/156 = 08 ബാരൽ, RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 689.52/182 = 3 ബാരൽ ആകെ 11 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 478349 |
| (-)ആദായനികുതി 1% | 4783 | |
| (-)ക്ഷേമനിധി വിഹിതം 1% | 4783 | |
| (-)ജി.എസ്.ടി 2% | 9566 | |
| (-) കാലി ബാരൽ വില 11എണ്ണം @ 238/one | 2618 | |
| (-) കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 471 | |
| ആകെ കിഴിവ് | | 22221 |
| കരാറുകാരന് അർഹമായത് | | 456128 |
| കരാറുകാരന് നൽകിയത് | | 459217 |
| അധികം നൽകിയത് | | 3089 |

മേൽ വിവരിച്ച പ്രകാരം Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധിക തുക നൽകാനിടയായി.

| ക്രമ നമ്പർ | പ്രോജക്റ്റ് | സാങ്കേതികാനുമതി നംപർ | വൗച്ചർ നമ്പർ | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 145/20 | 64382/18-19 | 21900293/21.06.19<br>21900769/22.10.19 | 385468<br>92881 | 293/16-17 | VG30 = 1293.21 Kg<br>RS 1 = 168.55 Kg<br>SS1 = 520.97 Kg | 8+3 = 11 | 3089 |
| 2 | 153/20 | 62301/18-19 | 21900296/21.06.19 | 200000 | 103/18-19 | VG30 = 590.2 Kg | 3+1 = 4 | 1123 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | RS1 = 80.84 Kg<br>SS1 = 249.86 Kg | | |
| 3 | 146/20 | 64386/18-19 | 21900292/21.06.19<br>21900768/22.10.19 | 450000<br>6428 | 218/18-19 | VG30 = 686.81 Kg<br>RS1 = 89.51 Kg<br>SS1 = 276.68 Kg | 4+2 =6 | 1685 |
| 4 | 115/20 | 21370/19-20 | 21901447/ 31.01.20 | 199881 | 298/18-19 | VG30 = 1677.31 Kg<br>RS1 = 159.3 Kg | 10+1 =11 | 3089 |
| 5 | 91/20 | 23688/19-20 | 21901449/ 31.01.20 | 449672 | 137/19-20 | VG30 = 2798.53 Kg<br>RS1 = 303 Kg<br>SS1 = 102 Kg | 17+2 =19 | 5336 |
| 6 | 43/19, 144/20 | 50420/18-19 | 21900294/ 21.06.19<br>21901035/ 30.12.19 | 158766<br>18711 | 104/18-19 | VG30 = 672.64 Kg<br>RS1 = 87.67 Kg<br>SS1 = 270.97 Kg | 4+2 =6 | 1685 |
| | ആകെ അധിക ചെലവ് | | | | | | | 16,007 |

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/16.06.22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | നെൽകൃഷിക്ക് വിത്ത്, ഉഴവ് കൂലി വിതരണം | 9,15,310 | 0 |
| | | | ലൈഫ് | 34,00,000 | 0 |
| | | | ശാരീരിക മാനസിക വെല്ലുവിളി | 4,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | | | വെള്ളത്തോടത്ത് പടി റോഡ് റീടാറിംഗ് & പാലം | 4,32,364 | |
| | | | പച്ചക്കറി കൃഷി വികസന പദ്ധതി | 11,780 | 0 |
| | | | ആകെ | 51,59,454 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | | ഭിന്നശേഷിക്കാർക്ക് മുച്ചക്രം നൽകൽ | 4,30,000 | 0 |
| | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| | | | പെയിൻ & പാലിയേറ്റീവ് | 47,927 | 0 |
| | | | സമഗ്ര ക്ഷീര വികസനം | 43,000 | 0 |
| | | | ലൈഫ് | 45,06,615 | |
| | | | അംഗൻവാടി പോഷകാഹാര പരിപാടി | 15,756 | |
| | | | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 2,27,313 | |
| | | | ആകെ | 55,70,611 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | അംഗൻവാടികളുടെ വൈദ്യുതീകരണം | 25.10.2019 | 1,50,000 | 0 | 1,50,000 |
| | | 25.10.2019 | 21,000 | 0 | 21,000 |
| | | 24.01.2020 | 44,044 | 0 | 44,044 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് | സ.ഉ.(എം.എസ്)68/100 /110/34, | 3,45,66,943 | 1,90,99,577 | 20,44,117 | - | 3,25,22,826 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി.16/03/2018 | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10,010/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 10,010/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,010/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | 1. ശ്രീകേരള വർമ്മ ആയുർവേദിക് കോ-ഓപ്പറേറ്റീവ് ഫാർമസി & സ്റ്റോഴ്സ് ലിമിറ്റഡ്, തൃശ്ശൂർ | 10/- |
| | | 2. തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ് | 10,000/- |
| | | ആകെ | 10,010/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,18,48,789 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,06,72,124 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,007 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,57,550 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16,007 | അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ |
| ആകെ | 16,007 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,07,550 | വൽസല, ഹെഡ്മിസ്ട്രസ്സ് |
| 1-32 | 14,50,000 | അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ |

| ആകെ | 15,57,550 | |
|---|---|---|

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 18, തുക -1,400/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | പള്ളത്തേരി വീട്, മറ്റത്തൂർകുന്ന്.പി.ഒ, തൃശ്ശൂർ-680684 |
| വൽസല, ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | പണ്ടാരംപറമ്പിൽ വീട്, പട്ടിക്കാട്, പള്ളിക്കണ്ടം, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 |
| 71-72 | എൽ.എഫ്.ടി.1-2087/74/ 02.07.74 | 5 |
| 73-74 | എൽ.എഫ്.ടി.1- 5829/75/ 23.12.75 | 2 |
| 74-75 | എൽ.എഫ്.ടി.10-47/87 /2/2/87 | 10 |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/ 27.10.11/13.01.12 | 2 |
| 83-84 | | 2 |
| 84-85 | | 1 |
| 85-86 | | 5 |
| 86-87,87-88 | | 10 |
| 88-89,89-90 | | 9 |
| 90-91 | | 3 |
| 91-92 | | 9 |
| 92-93, 93-94 | | 11 |
| 94-95 | | 19 |
| 95-96 | | 3 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | |

| | | |
|---|---|---|
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.2000 | |
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.10- 1024/03/ 03-10-03/08-09-04 | |
| 99-2000 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | |
| 2000-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | |
| 2000-01 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | |
| 2002-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | |
| 2003-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | |
| 2004-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | |
| 2005-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | |
| 2006-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | |
| 2007-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | |
| 2008-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | |
| 2009-10 & 2010-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | |
| 2011-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | |
| 2012-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി-4)770/15, 12-10-2015/ 21-10-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി-4)1000/16/24-06-2016 | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1893/16/5.11.16 | |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1233/17/7.8.17 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)-711/19, തീ.22.5.19 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)-1773./19, തീ.05/03/20 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്